"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

വിവര പൊതുജന സമ്പർക്ക വകുപ്പ്-വീഡിയോ ഡോക്യുമെന്ററി നിർമ്മാണം സുതാര്യവും, കാര്യക്ഷമവുമാക്കുന്നതിന് ഡോക്യുമെന്ററി സംവിധായകരുടെ എംപാനൽമെന്റിനുള്ള യോഗ്യത, ഹ്രസ്വചിത്രം നിർമ്മിക്കുന്നതിനുള്ള യോഗ്യത, ഡോക്യുമെന്ററി നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ, എംപാനൽമെന്റ് അഡ്വൈസറി കമ്മിറ്റി & സെലക്ട് കം കോസ്റ്റ് കമ്മിറ്റി എന്നിവ രൂപീകരിച്ചു കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിവര പൊതുജന സമ്പർക്ക(ഇ) വകുപ്പ്

സ.ഉ.(സാധാ) നം. 120/2023/I&PRD          തീയതി,തിരുവനന്തപുരം, 20-12-2023

---

പരാമർശം:-

1. 02.02.2019 ലെ സ.ഉ.(സാധാ) നം.19/2019/ഐ&പി.ആർ
2. 18.04.2023 ലെ ഇൻഫർമേഷൻ ഓഫീസർ (എ വി ഡി) യുടെ കുറിപ്പ്
3. 13.07.2023 ലെ ഇ1/37/2023 — ലെ ഐ&പി.ആർ.ഡി നമ്പർ കത്ത്.
4. 02.08.2023 ലെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 4809/ഡി2/2023/കെ.എസ് എഫ്.ഡി.സി നമ്പർ കത്ത്.

### ഉത്തരവ്

വീഡിയോ ഡോക്യുമെന്ററി നിർമ്മാണം സുതാര്യവും, കാര്യക്ഷമവുമാക്കുന്നതിന് ഡോക്യുമെന്ററി സംവിധായകരുടെ എംപാനൽമെന്റിനുള്ള യോഗ്യത, ഹ്രസ്വചിത്രം നിർമ്മിക്കുന്നതിനുള്ള യോഗ്യത, ഡോക്യുമെന്ററി നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ, എംപാനൽമെന്റ് അഡ്വൈസറി കമ്മറ്റി & സെലക്ട് കം കോസ്റ്റ് കമ്മറ്റി എന്നിവ രൂപീകരിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം ഡോക്യുമെന്ററി നിർമ്മാണത്തിന് യോഗ്യരായ സംവിധായകരെ എംപാനൽ ചെയ്യുന്നതിന് എംപാനൽമെന്റ് അഡ്വൈസറി കമ്മിറ്റിയും, ഡോക്യുമെന്ററി സ്ക്രിപ്റ്റുകളുടെ നിലവാരം, നിർമ്മാണ ചെലവ് എന്നിവ പരിശോധിക്കുന്നതിന് സെലക്ട് കം കോസ്റ്റ് കമ്മിറ്റിയും, വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ (എ) പ്രസാർ ഭാരതി കോർപ്പറേഷൻ, ചലച്ചിത്ര അക്കാദമി എന്നിവയിലേതിലെയെങ്കിലും പ്രോഗ്രാം എക്സിക്യൂട്ടീവ്, ഡെപ്യൂട്ടി ഡയറക്ടർ (പ്രോഗ്രാംസ്) പദവിയിൽ കുറയാത്ത ഓഫീസർ, (ബി) ഫിലിംസ് ഡിവിഷനിലെ ഫിലിം ഓഫീസർ, (സി) അഡീഷണൽ ഡയറക്ടർ (ഇലക്ട്രോണിക് മീഡിയ ഡിവിഷൻ, ഐ&പി.ആർ.ഡി), (ഡി) ഡെപ്യൂട്ടി ഡയറക്ടർ (വി.സി, ഐ&പി.ആർ.ഡി), (ഇ) ഡെപ്യൂട്ടി സെക്രട്ടറി (ഐ&പി.ആർ.ഡി) എന്നിവരെ അംഗങ്ങളായും (എഫ്) ഇൻഫർമേഷൻ ഓഫീസർ

(എ.വി.ഡി.-ഐ&പി.ആർ.ഡി) - യെ കൺവീനർ ആയും ഉൾപ്പെടുത്തിയാണ് എംപാനൽമെന്റ് അഡ്വൈസറി കമ്മറ്റി & സെലക്ട് കം കോസ്റ്റ് കമ്മറ്റി രൂപീകരിച്ചു കൊണ്ട് ഉത്തരവായിട്ടുള്ളത്.

2 . ഫിലിംസ് ഡിവിഷനെ ദേശീയ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലയിപ്പിക്കുകയും ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്തതിനാൽ ഫിലിം ഓഫീസർ എന്ന നിലയിലുള്ള ഉദ്യോഗസ്ഥന് കമ്മിറ്റികളിൽ പങ്കെടുക്കാനാകില്ലെന്നു അറിയിച്ചതിനാൽ പ്രസ്തുത കമ്മിറ്റിയിലേക്ക് പുതിയൊരംഗത്തെ കൂടി ഉൾപ്പെടുത്തണമെന്ന് പരാമർശം ( 2 ) പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥനെ അംഗമായി നാമനിർദ്ദേശം ചെയ്യുന്നതിന് പരാമർശം ( 3 ) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എംപാനൽമെന്റ് അഡ്വൈസറി കമ്മിറ്റി & സെലക്ട് കം കോസ്റ്റ് കമ്മിറ്റിയിലേക്കു കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പ്രതിനിധിയായി ശ്രീ. സതീഷ് ഡി, സ്റ്റുഡിയോ മാനേജർ-ഇൻചാർജ്-നെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതായി പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ 3-ാം ഖണ്ഡികയിലെ എംപാനൽമെന്റ് അഡ്വൈസറി കമ്മിറ്റി & സെലക്ട് കം കോസ്റ്റ് കമ്മിറ്റിയിലെ "ഫിലിംസ് ഡിവിഷനിലെ ഫിലിം ഓഫീസർ-അംഗം" എന്നത് ഒഴിവാക്കി "കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പ്രതിനിധി - അംഗം" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർ ശം (1) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്യാം വി
ഡെപ്യൂട്ടി സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ചലച്ചിത്ര കലാഭവൻ, വഴുതയ്ക്കാട്, തിരുവനന്തപുരം-695 014.
അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി/ജി&എ/പി& സി)
ഡെപ്യൂട്ടി ഡയറക്ടർ (വി.സി/എം.ആർ/ഫീൽഡ് പബ്ലിസിറ്റി & കൾച്ചറൽ അഫയേഴ്സ്/ അഡ്വെർടൈസിംഗ് & മാർക്കറ്റിംഗ്/ പബ്ലിക്കേഷൻ/പെൻഷൻ)
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഇൻഫർമേഷൻ ഓഫീസർ (പി.പി/എ.വി.ഡി/സി.എൻ.ഇ/ആർ &ആർ/ എഫ് പി/പി ആർ /വെബ് & ന്യൂ മീഡിയ/പ്ലാനിംഗ്/സി.ഡി.ഒ)
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
വെബ് & ന്യൂ മീഡിയ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ